**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്ത് വില്ലേജ് എക്സ് റ്റൻഷൻ ഓഫീസർ ശ്രീ.പി.കൃഷ്ണദാസിനെ 27.07.2019 പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2161/ 2019/ തസ്വഭവ,** **തിരുവനന്തപുരം,തീയതി:01/10/2019**

---

പരാമർശം :- വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26.08.2019- ലെ സി5 (വി.സി 5/2019/ എം.പി.എം) 25074/ 2019 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമ പഞ്ചായത്ത് വില്ലേജ് എക്സ് റ്റൻഷൻ ഓഫീസർ ശ്രീ.പി.കൃഷ്ണദാസ് കൈക്കൂലി വാങ്ങിയതിന് 27.07.2019- ന് ട്രാപ് കേസിൽ പിടിക്കപ്പെടുകയും ടിയാനെ അറസ്റ്റ് ചെയ്ത് ബഹു.എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോഴിക്കോട് 09.08.2019- തീയതി വരെ റിമാൻഡ് ചെയ്യുകയും ചെയ്തതിനാൽ ടിയാനെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്യണമെന്ന് പരാമർശം പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ശുപാർശ ചെയ്തു.

മേൽ സാഹചര്യത്തിൽ, മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമ പഞ്ചായത്തിലെ വില്ലേജ് എക്സ് റ്റൻഷൻ ഓഫീസർ ശ്രീ.പി.കൃഷ്ണദാസിനെ 27.07.2019 പ്രാബല്യത്തിൽ കെ.സി.എസ് (സിസി&എ) ചട്ടം 10 പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

പ്രസ്തുത കാലയളവിൽ ടിയാന് ഉപജീവനബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ആർ.എസ്.കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2) ശ്രീ.കൃഷ്ണദാസ് പി, വില്ലേജ് എക്സ് റ്റൻഷൻ ഓഫീസർ, എടവണ്ണ ഗ്രാമപഞ്ചായത്ത് (ഗ്രാമവികസന കമ്മീഷണർ മുഖേന)
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
4) വിജിലൻസ് (ഡി) വകുപ്പ് (04.09.2019- ലെ വിജി ഡി4/ 320/ 2019/ വി.ജി നമ്പർ കത്ത് പ്രകാരം)
5) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ